(ബി) പ്രകൃതിക്ഷോഭ ദുരിതാശ്വാസത്തിനുള്ള തുക റവന്യൂവകുപ്പാണ് കൈകാര്യം ചെയ്യുന്നത്. റവന്യൂവകുപ്പിൽനിന്നും അനുവദിച്ചുകിട്ടുന്ന തുകയാണ് കൃഷിവകുപ്പ് നൽകുന്നത്. എന്നാൽ പ്രത്യേക സന്ദർഭങ്ങളിൽ കൃഷിവകുപ്പ് നേരിട്ട് കേന്ദ്രസഹായം അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്.

**105 (1071) നെല്ലുല്പാദനം**

ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നെല്ലുല്പാദനത്തിൽ കഴിഞ്ഞവർഷം എത്ര ടൺ അധികം ഉല്പാദിപ്പിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) നെൻമണി വർഷത്തിൽ നെൽകൃഷി വികസനത്തിന് എന്തു തുക സർക്കാർ ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കൃഷിവകുപ്പിന്റെ മതിപ്പുകളനുസരിച്ച് 1998-99 വർഷം 2.59 ലക്ഷം ടൺ നെല്ല് അധികം ഉല്പാദിപ്പിച്ചതായി കണക്കാക്കുന്നു.

(ബി) പൊൻമണിവർഷത്തിൽ നെൽക്കൃഷി വികസനത്തിനായി 1467 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

**106 (1072) നെല്ലുല്പാദനം**

ഡോ. എം.എ. കുട്ടപ്പൻ :
ഡോ. കെ.സി. ജോസഫ് :
ശ്രീമതി രാധാരാഘവൻ :
ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) 1994-95-ൽ നെല്ല് ഉല്പാദനം ഹെക്ടർ ഒന്നിന് എത്ര കിലോഗ്രാം ആയിരുന്നു; 1997-98-ൽ ഇതിൽ എന്ത് വർദ്ധനവുണ്ടായി;

(ബി) ഇപ്പോൾ നടപ്പിലാക്കി വരുന്ന പദ്ധതികൾ മൂലം നെല്ല് ഉല്പാദനത്തിൽ എന്ത് വർദ്ധനവാണ് പ്രതീക്ഷിക്കുന്നത്?

ഉത്തരം

(എ) 1994-95-ൽ നെല്ല് ഉല്പാദനം ഹെക്ടറിന് 2934 കിലോഗ്രാം ആയിരുന്നു. 1997-98-ൽ അത് 2992 കിലോഗ്രാമായിരുന്നു.

(ബി) 1999-2000 വർഷം നെല്ല് ഉല്പാദനം 13.36 ലക്ഷം ടൺ ആയി ഉയർത്താൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**107 (1073) നെൽക്കൃഷിക്കാർക്ക് ഉല്പാദന ബോണസ്**

ശ്രീ. സി.പി. ബാലൻ വൈദ്യർ :
ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ :
ശ്രീമതി ജെ. മെഴ്സിക്കുട്ടിയമ്മ :



LIBRARY ARCHIVES Kerala Legislative Assembly